# 2023-TGC—സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ അറിയുന്നതും ദൈവത്തിന്റെ വളർച്ചയാൽ വളരുന്നതും

## സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ അറിയുന്നത്

### I. കൊലൊസ്സ്യരിൽ വെളിപ്പെടുത്തിയിരിക്കുന്ന സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ അറിയുകയും അനുഭവമാക്കുകയും വേണം

**A.** പഴയ സൃഷ്ടിയിലും പുതിയ സൃഷ്ടിയിലും, പ്രപഞ്ചത്തിലും സഭയിലും ക്രിസ്തുവാണ് ഒന്നാമനും ഒന്നാം സ്ഥാനം വഹിക്കുന്നവനും സർവോൽകൃഷ്ടനായവനും—കൊലൊ.1:18

**B.** ഇങ്ങനെയുള്ള ക്രിസ്തു നമ്മുടെ ജീവനും വ്യക്തിയുമാകാൻ നമ്മുടെ ആത്മാവിൽ നമ്മുടെ മഹത്വത്തിന്റെ പ്രത്യാശയായ് വസിക്കുന്നു. അവൻ വരുമ്പോൾ നാം അവനിൽ തേജസ്കരിക്കപ്പെടും—കൊലൊ.1:27

**C.** കൊലൊസ്സ്യരിലെ പല പ്രധാന പദപ്രയോഗങ്ങളും ക്രിസ്തുവിനെക്കുറിച്ചുള്ള നമ്മുടെ അനുഭവത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഈ പദപ്രയോഗങ്ങൾ നമുക്ക് ക്രിസ്തുവിന്റെ ശരിയായ അനുഭവത്തിന്റെ പൂർണമായ ചിത്രം നൽകുന്നു.

1. “ക്രിസ്തു നിങ്ങളിൽ”—1:27.
2. “ക്രിസ്തുവിൽ പൂർണവളർച്ച”—1:28.
3. “അവനിൽ നടക്കുവിൻ”—2:6.
4. “ക്രിസ്തുവിനൊത്തവണ്ണം”—2:8.
5. “അവനോടുകൂടെ ജീവിപ്പിച്ചു”—2:13.
6. “ക്രിസ്തുവിനോടുകൂടെ മരിച്ചു”—2:20.
7. “തലയെ മുറുകെപ്പിടിച്ച്”—2:19.
8. “അവനിൽനിന്ന്”—2:19.
9. “ദൈവത്തിന്റെ വളർച്ചയാൽ വളരുന്നു”—2:19.
10. “ക്രിസ്തു എന്ന ദൈവമർമം... അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും സകല നിക്ഷേപങ്ങളും മറഞ്ഞിരിക്കുന്നു”—2:2-3
11. “അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത”—2:9-10

**D.** ഇപ്രകാരം സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ നാം അറിയുകയും അനുഭവമാക്കുകയും ചെയ്യുന്നതിലൂടെ കൊലൊ. 3:1-4 വരെയുള്ള വാക്യങ്ങൾ സൂചിപ്പിക്കുന്നതുപോലെ ക്രിസ്തുവിനോടുകൂടെ നമുക്ക് ഒരു സ്ഥാനവും, ഒരു ജീവനും, ഒരു ജീവിതവും, ഒരു ദൈവകൽപ്പിതവും, ഒരു തേജസ്സും ഉണ്ടാകും. സ്വർഗത്തിലെ ദൈവം നമ്മുടെ ജീവിതത്തിന്റെ മണ്ഡലമാകും. ക്രിസ്തുവിനോടുകൂടെ നാം ദൈവത്തിൽ ജീവിക്കും.

## ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്

### II. “തലയെ മുറുകെപ്പിടിക്കാതെ [*മുറുകെപിടിച്ചുകൊണ്ട്*] തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സമ്പന്ന സഹായം ലഭിച്ച്..., ദൈവത്തിന്റെ വളർച്ചയാൽ വളരുന്നു”

**A.** വളരുക എന്നതിനർഥം ക്രിസ്തുവിനെ നമ്മിലേക്ക് കൂട്ടിച്ചേർക്കുക എന്നാണ്

**B.** ശരീരത്തിന്റെ വളർച്ച തലയായ ക്രിസ്തുവിൽനിന്ന് വരുന്നതിനെ ആശ്രയിച്ചിരിക്കുന്നു എന്തെന്നാൽ സകല സഹായവും തലയിൽനിന്നു വരുന്നു

- തലയെ മുറുകെപ്പിടിച്ചുകൊണ്ട് ശരീരത്തിനു സഹായം ലഭിക്കുമ്പോൾ, ശരീരം ദൈവത്തിന്റെ വളർച്ചയാൽ വളരുന്നു

**C.** ശരീരത്തിന്റെ വളർച്ച നമ്മുടെ ഉള്ളിലെ ദൈവത്തിന്റെ വളർച്ചയെ, ദൈവത്തിന്റെ കൂട്ടിച്ചേർക്കലിനെ, ദൈവത്തിന്റെ വർധനവിനെ ആശ്രയിച്ചിരിക്കുന്നു

- വ്യക്തിനിഷ്ഠമായ രീതിയിൽ അവനെത്തന്നെ നമുക്ക് നൽകികൊണ്ട് ദൈവം വളർച്ച നൽകുന്നു. ദൈവം നമ്മിൽ എത്രയധികം കൂട്ടിച്ചേർക്കപ്പെടുന്നുവോ അത്രയധികം അവൻ നമുക്ക് വളർച്ച നൽകുന്നു. ദൈവത്തിനു മാത്രമേ വളർച്ച നൽകുവാൻ കഴിയൂ;

**D.** ഇപ്രകാരമുള്ള ശരീരത്തിന്റെ വളർച്ചയാണ് ശരീരത്തിന്റെ കെട്ടുപണി

1. എഫെസ്യർ 4:12-16 ക്രിസ്തുവിന്റെ ശരീരം കെട്ടുപണിചെയ്യുന്നതിനെക്കുറിച്ചുള്ള മർമം കാണിച്ചുതരുന്നു.
   - വാ. 12—നാം പൂർണ വളർച്ച പ്രാപിച്ച് എത്തിച്ചേരേണ്ട മൂന്ന് കാര്യങ്ങൾ പരാമർശിക്കുന്നു
   - വാ. 13—ഈ വളർച്ച ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടിയാണ്
   - വാ. 14—നാം ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആകരുത്
   - വാ. 15—സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരണം
   - വാ. 16—ക്രിസ്തുവിൽ നിന്നും ശരീരം മുഴുവനും... സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു
2. ക്രിസ്തു വിശുദ്ധന്മാരിലേക്ക് പ്രവേശിച്ച് അവരുടെ ഉള്ളിൽ ജീവിക്കുമ്പോൾ, വിശുദ്ധന്മാരുടെ ഉള്ളിലെ ക്രിസ്തു സഭയായിത്തീരുന്നു. നമ്മുടെ ഉള്ളിലെ ക്രിസ്തുവിന്റെ വളർച്ചയാൽ ക്രിസ്തുവിന്റെ ശരീരം വളരുന്നു, അങ്ങനെ ഈ രീതിയിൽ ശരീരം പണിയപ്പെടുന്നു.
3. ശരീരം തന്നെത്താൻ കെട്ടുപണിയുന്ന സ്നേഹം നമ്മുടെ സ്വന്തം സ്നേഹമല്ല, പിന്നെയോ ക്രിസ്തുവിലുള്ള ദൈവസ്നേഹമാണ്, അത് നമ്മിൽ ക്രിസ്തുവിന്റെ സ്നേഹമായിത്തീരുന്നു, അതിനാൽ നാം ക്രിസ്തുവിനെയും അവന്റെ ശരീരത്തിലെ സഹ അവയവങ്ങളെയും സ്നേഹിക്കുന്നു
   - സ്നേഹം ദൈവത്തിന്റെ ആന്തരിക സത്തയാണ്; നാം ദൈവത്തിന്റെ ആന്തരിക സത്തയിലേക്ക് പ്രവേശിക്കുമ്പോൾ, ക്രിസ്തു ചെയ്തതുപോലെ നാം മറ്റുള്ളവരെ സ്നേഹിക്കുന്നു